ഡയറ്റ് പ്രിൻസിപ്പൽമാരുടെ നിയമനം

110 [693] *ശ്രീ. റോഷി അഗസ്റ്റിൻ:*

„ *തോമസ് ചാഴികാടൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് (ഡയറ്റ്)-ൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പ്രാബല്യത്തിൽ വരുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ലീവ് വേക്കൻസിയിൽ കാലാവധി കഴിഞ്ഞ ലിസ്റ്റിൽ നിന്നും ഡയറ്റ് പ്രിൻസിപ്പൽമാരെ നിയമിച്ചിട്ടുണ്ടോ;

(സി) ഡയറ്റ് സർവ്വീസിൽ സീനിയറായ ഉദ്യോഗസ്ഥരെ മറികടന്ന് ഡയറ്റ് പ്രിൻസിപ്പൽമാരെ നിയമിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരള ഹൈക്കോടതിയുടെ ഒ. പി. നം. 15639/1995-ലെ വിധിയുടെ അടിസ്ഥാനത്തിൽ 15-3-1996-ൽ വ.ആ.ജി.ഒ. (ആർടി.) നം. 947/96/ പൊ.വി. എന്നത് പ്രകാരം ഡയറ്റിൽ ട്രെയിനിംഗ് പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ, സീനിയർ ലക്ചറർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കൽ എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡയറ്റ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ല. സ്പെഷ്യൽ റൂളുകളുടെ കരട് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധനയിലാണ്.

(ബി) ലീവ് വേക്കൻസി 1-7-2005-ലാണ് നിലവിൽ വന്നത്. നിയമന കാര്യം തീരുമാനിച്ചിട്ടില്ല.

(സി) ഡയറ്റിൽ പ്രിൻസിപ്പലിനെ നിയമിക്കുന്നത് സർവ്വീസിലെ സീനിയോറിറ്റി പ്രകാരമല്ല. സർക്കാർ നിയോഗിക്കുന്ന സെലക്ഷൻ കമ്മിറ്റി അപേക്ഷകരായ സീനിയർ ലക്ചറർമാരെ ഇന്റർവ്യൂ ചെയ്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം നിയമനം നടത്തുന്നതാണ് നിലവിലുള്ള നടപടിക്രമം.

(ഡി) ഡയറ്റ് സീനിയർ ലക്ചറർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രിൻസിപ്പൽമാരുടെ നിയമനം നടത്തണമെന്ന 15-3-1996-ലെ ജി. ഒ. (ആർടി.) നം. 947/96/പൊ.വി. ഉത്തരവ് 4-8-1997-ലെ ജി. ഒ. (ആർറ്റി.) നം. 2675/97/പൊ.വി.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് പ്രകാരം സർക്കാർ റദ്ദ് ചെയ്യുകയുണ്ടായി. അതിനാൽ സീനിയർ ലക്ചറർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഡയറ്റ് പ്രിൻസിപ്പലിനെ നിയമിക്കുവാൻ സാധിക്കുകയില്ല.

ബി. എഡ്. ട്രെയിനിംഗ് കോളേജുകൾ

111 [694] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ബി. എഡ്. ട്രെയിനിംഗ് കോളേജുകൾ എത്ര യെണ്ണമാണെന്നും, അവയിൽ എവിടെയൊക്കെയാണ് സോഷ്യൽ സ്റ്റഡീസ് കോഴ്സ് നിലവിലുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിലെ സോഷ്യൽ സ്റ്റഡീസ് ലക്ചറർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനുവേണ്ട അടിസ്ഥാന യോഗ്യത എന്താണെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ബി. എഡ്. ട്രെയിനിംഗ് കോളേജുകളിൽ ലക്ചറർ ഇൻ ഹിസ്റ്ററി എന്നറിയപ്പെട്ടിരുന്ന തസ്തികകൾ ലക്ചറർ ഇൻ സോഷ്യൽ സ്റ്റഡീസ് എന്നാക്കി മാറ്റിയത് എന്തെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാ യിരുന്നോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(ഡി) ജ്യോഗ്രഫിക്ക് മാത്രമായി ബി. എഡ്. കോഴ്സ് നിലവിലുള്ള സർക്കാർ ട്രെയിനിംഗ് കോളേജ് ഏതാണെന്ന് വിശദമാക്കുമോ;

(ഇ) സോഷ്യൽ സ്റ്റഡീസ് കോഴ്സ് നിലവിലുള്ള ഒരു സർക്കാർ ട്രെയിനിംഗ് കോളേജിലെ ബന്ധപ്പെട്ട തസ്തിക ലക്ചറർ ഇൻ ജ്യോഗ്രഫി എന്നാക്കി നില നിർത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) മറ്റു സർക്കാർ ബി. എഡ്. കോളേജുകളിൽ എവിടെയെങ്കിലും നില വിലുള്ള കോഴ്സിന് വൃത്യസ്തമായി ബന്ധപ്പെട്ട തസ്തിക നിലനിർത്തിയിട്ടുണ്ടെങ്കിൽ അതിൽ മാറ്റം വരുത്തി കോഴ്സിന് അനുസൃതമായി തസ്തിക അനുവദിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) 4 എണ്ണം. ഇവയിലെല്ലാം സോഷ്യൽ സ്റ്റഡീസ് കോഴ്സ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly